STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.61/PR/SPMC/PHQ/2023 Date: 31.05.2023

**ആദ്യ വനിതാ വിരലടയാള വിദഗ്ദ്ധ കെ.ആർ.ശൈലജ സർവ്വീസിൽ നിന്ന് വിരമിച്ചു**

സംസ്ഥാനത്തെ ആദ്യ വനിതാ വിരലടയാള വിദഗ്ദ്ധ കെ.ആർ.ശൈലജ സർവ്വീസിൽ നിന്ന് വിരമിച്ചു. കേരളാ സ്റ്റേറ്റ് ഫിംഗർപ്രിന്റ് ബ്യൂറോയുടെ ആദ്യ വനിതാ ഡെപ്യൂട്ടി ഡയറക്ടറാണ് ശൈലജ.

1997 ൽ ഫിംഗർപ്രിന്റ് സെർച്ചർ ആയി സർവ്വീസിൽ പ്രവേശിച്ച ഇവർ കോട്ടയം, ഇടുക്കി, വയനാട്, തിരുവനന്തപുരം ജില്ലകളിലെ ഫിംഗർപ്രിന്റ് ബ്യൂറോകളിൽ സേവനം അനുഷ്ടിച്ചു. നിരവധി കേസന്വേഷണങ്ങളിൽ നിർണ്ണായക തെളിവായ വിരലടയാളങ്ങൾ പരിശോധിച്ച് കുറ്റവാളികളെ കണ്ടെത്താൻ പോലീസിനെ സഹായിച്ചത് ശൈലജയുടെ വൈദഗ്ദ്ധ്യമായിരുന്നു. കോട്ടയത്ത് ഒഡീഷ സ്വദേശികൾ കൊല്ലപ്പെട്ട കേസന്വേഷണത്തിൽ വിരലടയാളം പ്രധാനതെളിവായി മാറിയതാണ് അവയിൽ ഏറെ പ്രധാനം. ശൈലജ വിശകലനം ചെയ്ത വിരലടയാളങ്ങൾ തെളിവായി സ്വീകരിച്ച് അസ്സം സ്വദേശിയായ പ്രതിയ്ക്ക് കോടതി വധശിക്ഷ വിധിച്ചു.

തിരുവനന്തപുരം പോലീസ് ട്രെയിനിംഗ് കോളേജിൽ സംഘടിപ്പിച്ച ഔദ്യോഗിക യാത്രയയപ്പ് ചടങ്ങിൽ പോലീസ് ആസ്ഥാനത്തെ എ.ഡി.ജി.പി കെ.പത്മകുമാർ കെ.ആർ.ശൈലജയ്ക്ക് ഉപഹാരം സമ്മാനിച്ചു. പോലീസ് ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പൽ കിരൺ നാരായൺ, ഫിംഗർപ്രിന്റ് ബ്യൂറോ ഡയറക്ടർ വി.നിഗാർ ബാബു എന്നിവർ പങ്കെടുത്തു.

**ഫോട്ടോക്യാപ്ഷൻ :**

ഫോട്ടോ1 – പോലീസ് ട്രെയിനിംഗ് കോളേജിൽ നടന്ന ഔദ്യോഗിക യാത്രയയപ്പ് ചടങ്ങിൽ എ.ഡി.ജി.പി കെ.പത്മകുമാർ ഫിംഗർപ്രിന്റ് ബ്യൂറോ ഡെപ്യൂട്ടി ഡയറക്ടർ കെ.ആർ.ശൈലജയ്ക്ക് ഉപഹാരം സമ്മാനിക്കുന്നു. പോലീസ് ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പൽ കിരൺ നാരായൺ, ഫിംഗർപ്രിന്റ് ബ്യൂറോ ഡയറക്ടർ വി.നിഗാർ ബാബു, എന്നിവർ സമീപം.

ഫോട്ടോ2 – ഫിംഗർപ്രിന്റ് ബ്യൂറോ ഡെപ്യൂട്ടി ഡയറക്ടർ കെ.ആർ.ശൈലജ.

********************************